# Malayala Manorama

## 18 June 2018

## Kerala: Heavy rain, Landslide



# ഉരുൾപൊട്ടൽ : രക്ഷാപ്രവർത്തനം വൈകിയെന്നാരോപിച്ച് ഇറങ്ങിപ്പോക്ക്

### തടയണയെക്കുറിച്ച് അന്വേഷിക്കുമെന്ന് മുഖ്യമന്ത്രി



**തിരുവനന്തപുരം** ▸ കോഴിക്കോട് കരിഞ്ചോലമലയിൽ ഉരുൾപൊട്ടൽ ദുരന്തത്തിൽ മുൻകരുതലെടുക്കുന്നതിലും രക്ഷാപ്രവർത്തനം നടത്തുന്നതിലും സർക്കാർ വീഴ്ചവരുത്തിയെന്നാരോപിച്ച് പ്രതിപക്ഷം നിയമസഭയിൽനിന്ന് ഇറങ്ങിപ്പോയി.

മന്ത്രിമാർ നേരിട്ട് നേതൃത്വം നൽകിയ അഭിനന്ദനാർഹമായ രക്ഷാപ്രവർത്തനമാണ് അവിടെ നടന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കട്ടിപ്പാറയിലെ മലമുകളിൽ തടയണ നിർമിച്ചതിനെക്കുറിച്ച് അന്വേഷിക്കാൻ പ്രത്യേകസംഘത്തെ നിയോഗിച്ചു. രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് കിട്ടുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ദുരന്തത്തെക്കുറിച്ച് സഭ നിർത്തിവെച്ച് ചർച്ചചെയ്യാൻ ആവശ്യപ്പെട്ട് പാറയ്ക്കൽ അബ്ദുള്ളയാണ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്. സമാനതകളില്ലാത്ത ദുരന്തമാണുണ്ടായത്. ഇതുകണക്കിലെടുത്ത് കോഴിക്കോട് ജില്ലയ്ക്ക് പ്രത്യേക പാക്കേജ് അനുവദിക്കണം. മുഖ്യമന്ത്രി സ്ഥലം സന്ദർശിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ദുരന്തനിവാരണ അതോറിറ്റി തികഞ്ഞ പരാജയമാണെന്ന് വീണ്ടും തെളിഞ്ഞതായി പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല കുറ്റപ്പെടുത്തി. ദേശീയ ദുരന്ത പ്രതികരണസേന അടുത്തദിവസമാണ് എത്തിയത്. ഹെലിക്കോപ്ടർ ഉപയോഗിച്ച് സേനയെ വേഗം സ്ഥലത്തെത്തിക്കാത്തത് വീഴ്ചയാണ്. മലമുകളിലെ തടയണ ദുരന്തത്തിന് കാരണമായോ എന്ന് അന്വേഷിച്ച് അത് നിർമിച്ചവർക്കെതിരേ നടപടിയെടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഉരുൾപൊട്ടൽ സാധ്യതയുള്ള മേഖലയിൽ ഒരു എം.എൽ.എ. നിർമിച്ചിരിക്കുന്ന വാട്ടർ തീം പാർക്കിനെക്കുറിച്ച് അന്വേഷിക്കണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടു. പി.വി. അൻവറിന്റെ കക്കാടംപൊയിലിലെ വാട്ടർ തീം പാർക്കിനെക്കുറിച്ചാണ് പരാമർശിച്ചതെങ്കിലും ആരും എം.എൽ.എ.യുടെ പേര് പറഞ്ഞില്ല.

ഉരുൾപൊട്ടൽ ഉൾപ്പെടെയുള്ള കെടുതികളെപ്പറ്റി സർക്കാർ നേരത്തേ മുന്നറിയിപ്പു നൽകിയിരുന്നുവെന്ന് മന്ത്രി ഇ. ചന്ദ്രശേഖരൻ പറഞ്ഞു. അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതോടെ പ്രതിപക്ഷം ഇറങ്ങിപ്പോയി.